## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1041

12-07-2016 ൽ മറുപടിയ്ക്ക്

## എടക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തുകളിൽ നെൽകൃഷി വികസനം

**ചോദ്യം**
ശ്രീ. അനൂപ് ജേക്കബ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പിറവം നിയോജക മണ്ഡലത്തിൽ എടക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തിലെ വയലുകൾ എന്നിവിടങ്ങളിൽ നെൽകൃഷി വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | എടക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തിലെ വയലുകൾ എന്നിവിടങ്ങളിൽ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കെ.എൽ.ഡി.സി. മുഖേന നിർമ്മാണ പ്രവർത്തനം നടക്കുന്ന പദ്ധതിയാണിത്. ആമ്പല്ലൂർ പഞ്ചായത്തിലെ തോട്ടറ പുഞ്ചയുടെ വയലുകളിൽ നെൽകൃഷി വികസനത്തിനായി നബാർഡ്, ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15.5257 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയുമാണ്. (വിരിപ്പച്ചാൽ കണ്ണങ്കരി, തൊളളിക്കരി - കാപ്പിക്കരി, ഒലിപ്പുറം, കുന്നംകുളം, മനയ്ക്കത്താഴം, ഭഗവതിമൂഴ്) |
| (ബി) | പ്രസ്തുത പദ്ധതികൾ എന്നു പൂർത്തിയാക്കുമെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത പദ്ധതികൾ 2017 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ കൊണ്ട് എത്ര ഹെക്ടർ പാടശേഖരത്തിന് ഗുണമുണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികൾ കൊണ്ട് എടയ്ക്കാട് വയൽ, ആമ്പല്ലൂർ പഞ്ചായത്തുകളിൽ 435 ഹെക്ടർ പ്രദേശത്തിന് പ്രയോജനം ലഭ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ